# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5918 09.07.2012 - ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി വിഷ്ണുനാഥ് :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ എന്തെല്ലാം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് ; | (എ) ദേശീയപാതാ വിഭാഗത്തിൽ സ്ഥിരം സംവിധാനം എന്ന നിലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ രണ്ട് ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷനുകൾ (എറണാകുളം & തൃശ്ശൂർ) പ്രവൃത്തിക്കുന്നുണ്ട്. ഇവർ, നിർമ്മാണ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ പരിശോധിക്കുകയും അതുവഴി കുറ്റമറ്റതാക്കി തീർക്കുകയും ചെയ്യുന്നു. കൂടാതെ, പണി നടക്കുന്ന സമയങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുതൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്. പാതകളും പാലങ്ങളും വിഭാഗത്തിൽ റോഡു പണികൾ വിലയിരുത്തുന്നതിന് വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ വിഭാഗവും ധനകാര്യ വകുപ്പിന് കീഴിലെ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ |

എക്സാമിനർ തുടങ്ങിയ സംവിധാനങ്ങളുമുണ്ട്. കെട്ടിട വിഭാഗത്തിലും എല്ലാ പ്രവർത്തി- കളും നിലവിൽ വിവിധ തലത്തിലുള്ള എഞ്ചിനീയർമാരുടെ മേൽനോട്ടത്തിലാണ് നടന്നു - വരുന്നത്.

(ബി) ഇതിനു വേണ്ടി പ്രത്യേക ടീമുകൾ പ്രവർത്തിച്ചു വരുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത ടീമിന്റെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണ്, വിശദമാക്കുമോ ?

(ബി) & (സി) ഉണ്ട്. 19.01.2012 - ലെ ജി. ഒ (ആർ. റ്റി) നമ്പർ. 86/2012/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്ത- നങ്ങൾ വിലയിരുത്തുവാൻ മൂന്ന് ടീമിനെ നിയോഗിച്ച് ഉത്തരവായി- ട്ടുണ്ട്. നിർമ്മാണ സാമഗ്രികളുടെ സാംബിൾ എടുത്ത് പരിശോധ - നകൾ നടത്തുക, മുൻയോഗ്യതാ നിർണ്ണയം ആവശ്യമായ എല്ലാ പ്രവൃത്തികളും പരിശോധിക്കുക തുടങ്ങിയവയാണ് ഈ ടീമുകളുടെ ചുമതല. കെ. എസ്. ടി. പി. യുടെ കീഴിൽ വരുന്ന റോഡുകളുടെ പരിശോധനയ്ക്കായി വിദഗ്ദ കൺസൾട്ടൻസികളെ നിയോഗി - ച്ചിട്ടുണ്ട്. കെ. എസ്. ടി. പി. യുടെ വർക്കുകൾ ഓഡിറ്റ് ചെയ്യുവാൻ Egis BCEOM എന്ന കൺസൾ- ട്ടൻസിയെയാണ് ഏൽപ്പിച്ചിരി- ക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡ്, ബി. ഒ. റ്റി - ആന്വിറ്റി അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടപ്പാക്കുന്ന റോഡുകളുടെ ഗുണ- നിലവാരം നിരീക്ഷിക്കുവാൻ പ്രോജക്ട് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ